# ശുചിത്വ മിഷൻ

## തദ്ദേശ സ്വയംഭരണ വകുപ്പ്

## കേരള സർക്കാർ

നമ്പർ. 877/D1/2024/SM　　　　　　　　　　　　　　　　　　തീയതി: 14.02.2024

പ്രേഷിതൻ

എക്സിക്യൂട്ടീവ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ജില്ലാ ശുചിത്വ മിഷൻ കോർഡിനേറ്റർമാർക്കും

സർ

വിഷയം:- ത.സ്വ.ഭ.വ-ശുചിത്വ മിഷൻ -പരസ്യ പ്രചാരണ മേഖലയിലെ പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നത്- സംബന്ധിച്ച്

സൂചന:- 1.06/02/2024 തീയതിയിൽ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് പരസ്യബാനർ- മെറ്റീരിയൽ നിർമാതാക്കൾ നല്കിയ കത്ത്
2.തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പിൽ നിന്നുള്ള 17/03/2023 തീയതിയിലെ സ.ഉ.(സാധാ) നം.639/2023/LSGD ഉത്തരവ്

ഒറ്റ തവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക് ഉല്പന്നങ്ങളുടെ വ്യാപകമായ ഉപയോഗം നടന്നുവരുന്ന ഒരു മേഖല ആണ് പരസ്യ പ്രചാരണത്തിന് ഉപയോഗിക്കുന്ന ഫ്ലെക്സുകളും ഹോർഡിങ്ങുകളും. മാലിന്യ മുക്ത പരസ്യ പ്രചരണം ലക്ഷ്യം വെച്ചുകൊണ്ട് ഇത്തരം ഫ്ലെക്സുകളിൻ മേൽ സംസ്ഥാന സർക്കാരും, മലിനീകരണ നിയന്ത്രണ ബോർഡും ഏർപ്പെടുത്തിയിട്ടുള്ള ഉത്തരവുകളും മാർഗ്ഗ നിർദ്ദേശങ്ങളും കൃത്യമായി പാലിക്കേണ്ടതുണ്ട്. ലോക്സഭാ ഇലക്ഷൻ പൂർണ്ണമായും മാലിന്യമുക്തമാക്കുന്നത് ഉറപ്പുവരുത്തുന്നതിനായി ഇലക്ഷൻ പ്രചരണ ബോർഡുകളും ഹോർഡിങ്ങുകളും പരിസ്ഥിതി സൗഹാർദ്ദമാക്കേണ്ടതുണ്ട്. ഇതിലേക്കുള്ള പ്രധാന മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ നല്കുന്നു.

1. പരസ്യ പ്രചരണ ബാനറുകൾ, ബോർഡുകൾ, ഹോർഡിങ്ങുകൾ തുടങ്ങിയവയ്ക്ക് പുന:ചംക്രമണ സാധ്യമല്ലാത്ത പി വി സി ഫ്ലെക്സ്, പോളിസ്റ്റർ, നൈലോൺ, പ്ലാസ്റ്റിക് കോട്ടിങ്ങുള്ള തുണി എന്നിവ ഉപയോഗിക്കാൻ പാടുള്ളതല്ല.

2. സർക്കാർ നിർദ്ദേശിച്ചതും 100% കോട്ടൺ/ പ്ലാസ്റ്റിക് ഇല്ലാത്ത പേപ്പർ/ റീസൈക്കിൾ ചെയ്യാവുന്ന പോളി എത്തിലിൻ എന്നിവയിൽ PVC-ഫ്രീ - റീസൈക്ലബിൾ ലോഗോയും യൂണിറ്റിന്റെ പേരും നമ്പറും മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് നമ്പർ/QR കോഡ് എന്നിവ പതിച്ചു കൊണ്ട് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

3. സർക്കാർ നിർദ്ദേശിച്ച കോട്ടൺ, പോളി എത്തിലിൻ എന്നിവ നിർമിക്കുന്ന/വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡ് മുഖാന്തിരം സാമ്പിളുകൾ സമർപ്പിക്കേണ്ടതും യഥാക്രമം കോട്ടൺ വസ്തുക്കൾ കേന്ദ്ര സർക്കാർ സ്ഥാപനമായ ടെക്സ്റ്റൈൽ കമ്മിറ്റിയിൽ നിന്നും ടെസ്റ്റ് ചെയ്ത് 100% കോട്ടൺ എന്ന് സാക്ഷ്യപ്പെടുത്തിയതും പോളി എത്തിലീൻ വസ്തുക്കൾ CIPET

റവന്യൂ കോംപ്ലക്സ്, 4th ഫ്ലോർ, പബ്ലിക് ഓഫീസ് കോമ്പൗണ്ട്, തിരുവനന്തപുരം – 695033
ഫോൺ: 0471-2312730, 2319831, ഫാക്സ് : 04712996730, ഇ-മെയിൽ: sanitationkerala@gmail.com

നിന്നും PVC-ഫ്രീ, റീസൈക്ലബിൾ പോളി എത്തിലിൻ എന്ന് സാക്ഷ്യപ്പെടുത്തിയും മാത്രമേ വില്പന നടത്താൻ പാടുള്ളു.

4. ഉപയോഗ ശേഷമുള്ള പോളി എത്തിലിൻ ഷീറ്റ് പ്രിൻറിംഗ് യൂണിറ്റിലേക്ക് തന്നെയോ, അംഗീകൃത റീസൈക്ലിങ്ങ് യൂണിറ്റിലേക്കോ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഹരിത കർമ്മ സേനയ്ക്ക്/ക്ലീൻ കേരള കമ്പനിക്ക് യൂസർ ഫീ നല്കികൊണ്ട് റീസൈക്ലിങ്ങിനായി തിരിച്ചേൽപ്പിക്കേണ്ടതാണ്.ഹരിത കർമ്മ സേന റീസൈക്ലിങ്ങിനായി അംഗീകൃത ഏജൻസിക്ക് നല്കി കൊണ്ട് പരസ്യ പ്രിൻറിംഗ് മേഖലയിൽ സീറോ വേസ്റ്റ് ഉറപ്പ് വരുത്തേണ്ടതാണ്.

ജില്ലകളിലെ എൻഫോഴ്സ്മെൻറ് സ്ക്വാഡുകൾ പരിശോധന നടത്തുന്ന സമയത്ത്, ഫ്ലെക്സ് ബോർഡുകൾക്ക് കൂടുതൽ ശ്രദ്ധ കൊടുത്ത്, QR പതിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുകയും, അല്ലാത്തപക്ഷം എൻഫോസ്മെന്റ്മായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇക്കാര്യങ്ങൾ നടപ്പിലാക്കുന്നതിനായി പരസ്യ ഹോർഡിങ് സ്ഥാപിക്കുന്നവരുടെ കൂട്ടായ്മ ആയ KAIA, പരസ്യങ്ങൾ ചെയ്യുന്ന സ്ഥാപനങ്ങൾ,രാഷ്ട്രീയ മത സാംസ്കാരിക സംഘടനകൾ തുടങ്ങിയവരുടെ യോഗം ജില്ലാ ശുചിത്വ മിഷനുകളുടെ നേതൃത്വത്തിൽ ചേരേണ്ടതും തുടർ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

സൂചന(2) ഉത്തരവിലെ മുഴുവൻ നിർദ്ദേശങ്ങളും പാലിക്കുന്നുണ്ടെന്ന് ജില്ലാതലത്തിൽ ഉറപ്പുവരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ
U.V Jose IAS (Retd) *
എക്സിക്യൂട്ടീവ് ഡയറക്ടർ

* This is a computer system (Digital File) generated letter. Hence there is no need for a physical signature.